**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5487</u>** **<u>24-03-2025 - ൽ മറുപടിയ്ക്ക്</u>**

**<u>ഗൾഫ് രാജ്യങ്ങളിൽ കേരള എൻട്രൻസ് പരീക്ഷാ കേന്ദ്രങ്ങൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എഞ്ചിനീയറിങ്, ഫാർമസി പ്രവേശന പരീക്ഷകൾക്ക് ഏതെല്ലാം വിദേശ രാജ്യങ്ങളിലാണ് പരീക്ഷാ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ സംസ്ഥാനത്തെ എഞ്ചിനീയറിങ്, ഫാർമസി പ്രവേശന പരീക്ഷകൾക്ക് ദുബായിലാണ് പരീക്ഷാ കേന്ദ്രം അനുവദിച്ചിട്ടുള്ളത്. പ്രവാസി ക്ഷേമ സമിതിയുടെയും മറ്റും അപേക്ഷയെ തുടർന്ന് ബഹ്റിൻ കൂടി പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുക്കുന്നതിന് സൗകര്യം ലഭ്യമാക്കിയിട്ടുള്ളതും എന്നാൽ മതിയായ അപേക്ഷകർ ഇല്ലാത്ത പക്ഷം നിലവിലുള്ള കേന്ദ്രങ്ങളിൽ പരീക്ഷയിൽ പങ്കെടുക്കാൻ അനുവദിക്കുന്നതുമാണ്.<br><br>കേരള എൻട്രൻസ് പരീക്ഷകൾ നടത്തുന്നത് ഉന്നവിദ്യാഭ്യാസ വകുപ്പ്, പ്രവേശന കമ്മീഷണർ എന്നിവരാണ്. ആയതിനാൽ പ്രവാസികൾ ഏറെ അധിവസിക്കുന്ന എല്ലാ ഗൾഫ് രാജ്യങ്ങളിലും പരീക്ഷാ കേന്ദ്രങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ നോർക്ക വകുപ്പിന് നേരിട്ട് നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ല. |
| (ബി) | ദേശീയതലത്തിൽ നടക്കുന്ന നീറ്റ്, ജെ.ഇ.ഇ., സി.യു.ഇ.ടി. എന്നീ പരീക്ഷകൾക്ക് ഗൾഫ് രാജ്യങ്ങളിൽ പരീക്ഷാ കേന്ദ്രങ്ങൾ അനുവദിച്ച മാതൃകയിൽ പ്രവാസികൾ ഏറെ അധിവസിക്കുന്ന എല്ലാ ഗൾഫ് രാജ്യങ്ങളിലും കേരള എൻട്രൻസ് പരീക്ഷകൾക്ക് പരീക്ഷ കേന്ദ്രങ്ങൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | നിലവിൽ സംസ്ഥാനത്തെ എഞ്ചിനീയറിങ്, ഫാർമസി പ്രവേശന പരീക്ഷകൾക്ക് ദുബായിലാണ് പരീക്ഷാ കേന്ദ്രം അനുവദിച്ചിട്ടുള്ളത്. പ്രവാസി ക്ഷേമ സമിതിയുടെയും മറ്റും അപേക്ഷയെ തുടർന്ന് ബഹ്റിൻ കൂടി പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുക്കുന്നതിന് സൗകര്യം ലഭ്യമാക്കിയിട്ടുള്ളതും എന്നാൽ മതിയായ അപേക്ഷകർ ഇല്ലാത്ത പക്ഷം നിലവിലുള്ള കേന്ദ്രങ്ങളിൽ പരീക്ഷയിൽ പങ്കെടുക്കാൻ അനുവദിക്കുന്നതുമാണ്.<br><br>കേരള എൻട്രൻസ് പരീക്ഷകൾ നടത്തുന്നത് ഉന്നവിദ്യാഭ്യാസ വകുപ്പ്, പ്രവേശന കമ്മീഷണർ എന്നിവരാണ്. ആയതിനാൽ പ്രവാസികൾ ഏറെ അധിവസിക്കുന്ന എല്ലാ ഗൾഫ് രാജ്യങ്ങളിലും പരീക്ഷാ കേന്ദ്രങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ |

| | | | |
|---|---|---|---|
| | | | നോർക്ക വകുപ്പിന് നേരിട്ട് നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ